**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 62</u>** **<u>05-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കെ-റെയിൽ പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കെ-റെയിൽ പദ്ധതി നിർത്തിവയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതി വൈകുന്നതിനാൽ, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾക്കായി നിയോഗിച്ചിരുന്ന റവന്യൂ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും തൽക്കാലം മറ്റു പദ്ധതികളിലേക്ക് പുനർവിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് നിലവിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെയും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ; | (ബി) | സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും കേരള സർക്കാരിന്റെ അംഗീകാരത്തോടുകൂടി റെയിൽവേ മന്ത്രാലയത്തിനു സമർപ്പിച്ചിരിക്കുകയുമാണ്. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. ധനകാര്യ മന്ത്രാലയത്തിന്റെ കത്തിനനുസൃതമായുള്ള റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അനുമതി പ്രകാരമുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ ഡോക്യുമെന്റ് തയ്യാറാക്കൽ, ജിയോ ടെക്ക്നിക്കൽ പഠനം, CRZ Mapping, ഹൈഡ്രോളൊജിക്കൽ പഠനം, സമഗ്ര പാരിസ്ഥിതിക ആഘാത വിലയിരുത്തൽ പഠനം, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള പ്ലാൻ തയ്യാറാക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (സി) | കെ-റെയിൽ പദ്ധതിയുടെ ഡി.പി.ആർ-ന് ഇന്ത്യൻ റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അംഗീകാരത്തിനായി അപേക്ഷിച്ച തീയതി, അപേക്ഷയ്ക്ക് ലഭിച്ച മറുപടി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ; | (സി) | സിൽവർലൈൻ പദ്ധതി ഡി.പി.ആർ റെയിൽവേയുടെ അംഗീകാരത്തിനായി 17.06.2020 നു റെയിൽവേ ബോർഡിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ റെയിൽവേ ബോർഡിന്റെ പരിശോധനയിലാണ്. തുടർന്ന് പദ്ധതിയുടെ ഡി.പി.ആർ അവലോകനത്തിൻറെ ഭാഗമായി സിൽവർലൈൻ പാത നിലവിലുള്ള റെയിൽവേ ശൃംഖലയിലൂടെ കടന്നുപോകുന്നതിന്റെ വിശദാംശങ്ങളോടൊപ്പം പദ്ധതിയുടെ EIRR, FIRR, |

| | | | |
|---|---|---|---|
| | | | ട്രാഫിക്ക് പഠനവുമായി ബന്ധപ്പെട്ടുള്ള വിശദ വിവരങ്ങൾ, റെയിൽവേ ഭൂമിയുടെ അതിർത്തി വ്യക്തമാക്കുന്ന പ്ലാനിന്റെ അധിക വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ റെയിൽവേ ബോർഡ് ആവശ്യപ്പെടുകയും ദക്ഷിണ റെയിൽവേക്ക് പ്രസ്തുത വിവരം 12.08.2022 ന കൈമാറുകയും ചെയ്തു. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് റെയിൽവേ ബോർഡിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ള ക്ലാരിഫിക്കേഷനുകളുടെയും അവയ്ക്ക് സർക്കാർ നൽകിയ മറുപടികളുടെയും വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പദ്ധതിയുടെ ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി EIRR, FIRR, ട്രാഫിക്ക് പഠനവുമായി ബന്ധപ്പെട്ടുള്ള വിശദ വിവരങ്ങൾ റെയിൽവേ ബോർഡിന്റെ നിർദ്ദേശമനുസരിച്ച് സമർപ്പിച്ചിരുന്നു. കൂടാതെ സിൽവർലൈൻ പാത നിലവിലുള്ള റെയിൽവേ ശൃംഖലയിലൂടെ കടന്നുപോകുന്നതിന്റെ വിശദാംശങ്ങളോടൊപ്പം പദ്ധതിയുടെ, റെയിൽവേ ഭൂമിയുടെ അതിർത്തി വ്യക്തമാക്കുന്ന പ്ലാനിൻറെ അധിക വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ റെയിൽവേ ബോർഡ് ആവശ്യപ്പെടുകയും തുടർന്ന് ദക്ഷിണ റെയിൽവേ അധികൃതരുമായി ഒരു ജോയിൻറ് വെരിഫിക്കേഷൻ നടത്തി വർക്കിംഗ് ഷീറ്റ്, കഡാസ്ട്രൽ മാപ്പ് എന്നിവയോടൊപ്പമുള്ള വിശദവിവരങ്ങൾ സഹിതം ദക്ഷിണ റെയിൽവേക്കു 12.08.2022 ന കൈമാറുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ